# അന്താരാഷ്ട്ര അഴിമതി വിരുദ്ധദിനം

**പാലക്കാട്:** അന്താരാഷ്ട്ര അഴിമതിവിരുദ്ധ ദിനാചരണം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഡിസംബർ ഒമ്പതിന് 10.15ന് നടത്തും. കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷനാകും. മുൻ ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസ് മുഖ്യാതിഥിയായിരിക്കും. വിശ്വാസിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി.

# അഴിമതിയുടെ ശൃംഖല തകർക്കുവാൻ വിദ്യാർത്ഥിനികൾ

പാലക്കാട്: അന്താരാഷ്ട്ര അഴിമതി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് വിശ്വാസിന്റെ ആഭിമുഖ്യത്തിൽ അഴിമതി ശൃംഖല തകർക്കുവാൻ മോയൻ ഗേൾസ് വിദ്യാർത്ഥിനികൾ സമൂഹത്തിലെ അഴിമതി ഇല്ലാതാക്കുവാൻ വേണ്ടി വിദ്യാർത്ഥിനികൾ നടത്തുന്ന പ്രവർത്തനങ്ങൾ പാലക്കാട് ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. അന്താരാഷ്ട്ര അഴിമതി ദിനാചരണത്തോടനുബന്ധിച്ച് ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ യുവജനങ്ങളുടെ സഹകരണത്തോടെ അഴിമതി ശൃംഖലകൾ തകർക്കുക എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് പരിപാടികൾ നടത്തിയത്.




അന്താരാഷ്ട്ര അഴിമതി വിരുദ്ധ ദിനാചരണം
ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

വിശ്വാസ് വൈസ് പ്രസിഡന്റ് വി.പി. കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. പി.കെ. ഹരിദാസ്, അഡ്വ. എസ്. ശാന്താദേവി, പി.ടി.എ. പ്രസിഡന്റ് ഹരിദാസ്, മുരളികുമാർ, മോഹനൻ എന്നിവർ പ്രസംഗിച്ചു. അഡ്വ. പ്രേംനാഥ് സ്വാഗതവും ഹെഡ്മിസ്ട്രസ് രാധിക നന്ദിയും പറഞ്ഞു.

# അഴിമതിക്ക് വിലങ്ങിടാൻ ഇനി വിദ്യാർഥികളും

പാലക്കാട് • ഇരു കൈകളും ഉയർത്തി രണ്ടുവശത്തും നിൽക്കുന്ന കൂട്ടുകാരുടെ കൈകളുമായി കോർത്തുപിടിച്ച് അഴിമതിക്കണ്ണികൾ പൊട്ടിച്ചെറിയാൻ ഒരേ സ്വരത്തിൽ അവർ പ്രതിജ്ഞയെടുത്തു. പ്രതിജ്ഞയിൽ മാത്രം ഒതുങ്ങില്ല ഇവരുടെ നടപടി. വരുംദിവസങ്ങളിൽ അഴിമതി, കൈക്കൂലി, സ്വജനപക്ഷപാതം തുടങ്ങിയ നീതികേടുകൾക്കെതിരെയുള്ള സന്ദേശങ്ങളുമായി ഈ സ്കൂൾകുട്ടികൾ സർക്കാർ ഓഫിസുകൾ കയറിയിറങ്ങും.

രാജ്യാന്തര അഴിമതിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിശ്വാസ് സംഘടനയുടെ നേതൃത്വത്തിൽ ഗവ. മോയൻ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ആയിരുന്നു അഴിമതിക്കെതിരെയുള്ള പ്രതിജ്ഞ. വിശ്വാസ് പ്രസിഡന്റ് കൂടിയായ ജില്ലാ കലക്ടർ കെ.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കൈക്കൂലിവാങ്ങലും സ്വജനപക്ഷപാതവും മാത്രമല്ല സ്വന്തം കർത്തവ്യം നിർവഹിക്കാത്തതും അഴിമതിയാണെന്ന് അദ്ദേഹം പറഞ്ഞു. ദൈവത്തിന്റെ സ്വന്തം നാട് അഴിമതിയുടെ സ്വന്തം നാടാകുകയാണോ എന്ന സംശയവും പലരും ഉന്നയിച്ചു.

സംഘടന വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി അഡ്വ. പി.പ്രേംനാഥ്, മാനേജിങ് കമ്മിറ്റിഅംഗം അഡ്വ. എസ്.ശാന്താദേവി, പികെ. ഹരിദാസ്, പ്രധാനാധ്യാപിക പി.രാധിക, ഡപ്യൂട്ടി എച്ച്എം മുരളീകുമാർ, പിടിഎ പ്രസിഡന്റ് എൻ.ഹരിദാസ് എന്നിവർ പ്രസംഗിച്ചു.

ജില്ലയിൽ അഴിമതി വിരുദ്ധ നടപടികൾക്കു ചുക്കാൻ പിടിക്കുന്ന ജില്ലാ കലക്ടർക്ക് വിദ്യാർഥികൾ തങ്ങളുടെ വക ഉപഹാരവും സമർപ്പിച്ചു.

വിവിധ മൽസരവിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും അദ്ദേഹം സമ്മാനിച്ചു. ഘട്ടം ഘട്ടമായി ജില്ല മുഴുവൻ പദ്ധതി വ്യാപിപ്പിക്കും .



പാലക്കാട് വിശ്വാസിന്റെ നേതൃത്വത്തിൽ നടന്ന അഴിമതിവിരുദ്ധ ദിനാചരണം കളക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# അഴിമതിവിരുദ്ധ ദിനാചരണം നടത്തി

**പാലക്കാട്:** 'വിശ്വാസി'ന്റെ നേതൃത്വത്തിൽ ഗവ. മോയൻ സ്കൂളിൽ അന്താരാഷ്ട്ര അഴിമതിവിരുദ്ധദിനാചരണം സംഘടിപ്പിച്ചു. കളക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. വിദ്യാർഥികൾക്ക് അഴിമതിവിരുദ്ധപ്രതിജ്ഞ വി.പി. കുര്യാക്കോസ് ചൊല്ലിക്കൊടുത്തു. പി.കെ. ഹരിദാസ് സമ്മാനം വിതരണം ചെയ്തു. അഡ്വ. എസ്. ശാന്താദേവി, ഹരിദാസ്, മുരളീധരൻ, മോഹനൻ, പി. പ്രേംനാഥ്, രാധിക എന്നിവർ സംസാരിച്ചു.

# Anti-corruption Day Observance

**Palakkad:** World Anti-Corruption Day was observed under the auspices of VISWAS at the Moyan Girls School here on Monday.

The campaign run by the students to drive corruption out from society, was inaugurated by District Collector K Ramachandran.

The theme of the function was based on United Nations theme 'Break the corruption chain', VISWAS secretary P Premnath said. ENS

# അഴിമതിക്ക് വിലങ്ങിടാൻ ഇനി വിദ്യാർഥികളും

പാലക്കാട് • ഇരു കൈകളും ഉയർത്തി രണ്ടുവശത്തും നിൽക്കുന്ന കൂട്ടുകാരുടെ കൈകളുമായി കോർത്തുപിടിച്ച് അഴിമതിക്കണ്ണികൾ പൊട്ടിച്ചെറിയാൻ ഒരേ സ്വരത്തിൽ അവർ പ്രതിജ്ഞയെടുത്തു. പ്രതിജ്ഞയിൽ മാത്രം ഒതുങ്ങില്ല ഇവരുടെ നടപടി. വരും ദിവസങ്ങളിൽ അഴിമതി, കൈക്കൂലി, സ്വജനപക്ഷപാതം തുടങ്ങിയ നീതികേടുകൾക്കെതിരെയുള്ള സന്ദേശങ്ങളുമായി ഈ സ്കൂൾകുട്ടികൾ സർക്കാർ ഓഫിസുകൾ കയറിയിറങ്ങും.

രാജ്യാന്തര അഴിമതിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിശ്വാസ് സംഘടനയുടെ നേതൃത്വത്തിൽ ഗവ. മോയൻ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ആയിരുന്നു അഴിമതിക്കെതിരെയുള്ള പ്രതിജ്ഞ. വിശ്വാസ് പ്രസിഡന്റ് കൂടിയായ ജില്ലാ കലക്ടർ കെ.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കൈക്കൂലിവാങ്ങലും സ്വജനപക്ഷപാതവും മാത്രമല്ല സ്വന്തം കർത്തവ്യം നിർവഹിക്കാത്തതും അഴിമതിയാണെന്ന് അദ്ദേഹം പറഞ്ഞു. ദൈവത്തിന്റെ സ്വന്തം നാട് അഴിമതിയുടെ സ്വന്തം നാടാകുകയാണോ എന്ന സംശയവും പലരും ഉന്നയിച്ചു.

സംഘടന വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി അഡ്വ. പി.പ്രേംനാഥ്, മാനേജിങ് കമ്മിറ്റിഅംഗം അഡ്വ. എസ്.ശാന്താദേവി, പികെ. ഹരിദാസ്, പ്രധാനാധ്യാപിക പി.രാധിക, ഡപ്യൂട്ടി എച്ച്എം മുരളീകുമാർ, പിടിഎ പ്രസിഡന്റ് എൻ.ഹരിദാസ് എന്നിവർ പ്രസംഗിച്ചു.

ജില്ലയിൽ അഴിമതി വിരുദ്ധ നടപടികൾക്കു ചുക്കാൻ പിടിക്കുന്ന ജില്ലാ കലക്ടർക്ക് വിദ്യാർഥികൾ തങ്ങളുടെ വക ഉപഹാരവും സമർപ്പിച്ചു.

വിവിധ മൽസരവിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും അദ്ദേഹം സമ്മാനിച്ചു. ഘട്ടം ഘട്ടമായി ജില്ല മുഴുവൻ പദ്ധതി വ്യാപിപ്പിക്കും .




പാലക്കാട് കലക്ടറേറ്റിൽ നടന്ന രാജ്യാന്തര അഴിമതിവിരുദ്ധ ദിനാചരണത്തിൽ മുൻചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസ് പ്രസംഗിക്കുന്നു

# രാജ്യാന്തര അഴിമതിവിരുദ്ധ ദിനം പാലക്കാട്ട് ആചരിച്ചു

പാലക്കാട് ● സർക്കാർ ജീവനക്കാർ സാമൂഹിക പ്രതിബന്ധതയുള്ളവരും ജനങ്ങളോടു വിധേയമുള്ളവരുമാകണമെന്നു മുൻ ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസ്. വിശ്വാസിന്റെ നേതൃത്വത്തിൽ കലക്ടറേറ്റിൽ നടന്ന അന്താരാഷ്ട്ര അഴിമതി വിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യ രാജ്യത്തിന്റെ ഭരണസംവിധാനങ്ങളും നടത്തിപ്പും ജനങ്ങളിൽ നിന്നു രഹസ്യമാക്കേണ്ടതില്ല. ഭരണനടപടികൾ നിക്ഷിപ്ത താൽപര്യങ്ങൾക്കായി മറച്ചുവയ്ക്കുന്നവരാണ് അഴിമതിക്കു കൂട്ടു നിൽക്കുന്നത്. അഴിമതി കാൻസർപോലെ മനുഷ്യനെ ബാധിച്ചിരിക്കുന്നു. ഇതിനു കൂട്ടുനിൽക്കുന്നവർ സ്വയം ആത്മപരിശോധന നടത്തുകയും അപഗ്രഥിക്കുകയും ചെയ്യേണ്ടതുണ്ട്. അഴിമതി ഇല്ലാതാക്കാൻ നിയമവ്യവസ്ഥയ്ക്ക് മാറ്റം അനുവാര്യമാണെന്നും പാലാട്ട് മോഹൻദാസ് പറഞ്ഞു.

ജില്ലാ കലക്ടർ കെ.രാമചന്ദ്രൻ അധ്യക്ഷനായി. അഴിമതി വിരുദ്ധ ദിന സന്ദേശവും പ്രതിജ്ഞയും നടത്തി. വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ്, വിജിലൻസ് സിഐ വിജയകുമാർ, എഡിഎം കെ.ഗണേശൻ, വി.പി.കുര്യാക്കോസ്, വിവിധ സംഘടനാ നേതാക്കളായ രാധാകൃഷ്ണൻ, ടി.എ.പത്മകുമാർ, പി.എൻ.സുധാകരൻ, പി.വി.സഹദേവൻ, ടി.ജി.കുട്ടപ്പൻ, മുകുന്ദൻ, നടരാജൻ, ടി.സി.പ്രശോഭ്, ഒ.എ. ബാബു എന്നിവരോടൊപ്പം ജീവനക്കാരുടെ പ്രതിനിധികളും പരിപാടിയിൽ പങ്കെടുത്തു.

# 'Have Greater Transparency in Admn to Reduce Graft'



**Former Chief Secretary Palat Mohandas speaking after inaugurating the function to mark the observance of International Anti Corruption Day at the Collectorate Conference hall at Palakkad on Monday**

**Express News Service**

**Palakkad:** If administration is made more transparent, corruption in the system can be reduced to a very great extent, said former Chief Secretary Palat Mohandas.

He was delivering the main speech at the function organised by VISWAS, a voluntary organisation, to mark the observance of the International Anti-Corruption Day. He said that corruption like cancer was increasing with each passing day. This includes financial corruption and those deviating from moral behaviour in public life, he said.

He said that it was only a miniscule per cent of the Government employees who were engaging in corruption and they were bringing disrepute to the bureaucrats as a whole.

A democracy requires no cloud of secrecy and people's participation, transparency and proper guidelines for official conduct will help control corruption, he said. The bureaucrats should serve the public in the best way by introspecting, not bowing to pressure, not forgetting his past and remembering that one day he will also retire, he added.

District Collector K Ramachandran, who presided over the meet, recited the anti-corruption pledge to those present. VISWAS secretary P Premnath welcomed the gathering and vice-president P V Kuriakose proposed a vote of thanks.




രാജ്യാന്തര അഴിമതിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പാലക്കാട് കലക്ടറേറ്റ് സമ്മേളന ഹാളിൽ നടത്തിയ ബോധവൽകരണ പരിപാടി ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യുന്നു

# കൃത്യനിർവഹണത്തിലുള്ള അലംഭാവവും അഴിമതി: ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ

പാലക്കാട് ● സർക്കാർ ഉദ്യോഗസ്ഥർ പണം വാങ്ങുന്നതു മാത്രമല്ല, ഔദ്യോഗിക കൃത്യനിർവഹണത്തിലെ അലംഭാവവും അഴിമതിയാണെന്നു ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ. രാജ്യാന്തര അഴിമതി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി 'വിശ്വാസ്' സംഘടനയും വിജിലൻസ് വകുപ്പും ചേർന്നു നടത്തിയ ബോധവൽകരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഴിമതി പൗരൻമാരോടു കാണിക്കുന്ന വിശ്വാസ വഞ്ചനയും ചതിയും കാപട്യവുമാണ്. പ്രതികരണ ശേഷിയില്ലാത്ത സമൂഹമാണ് അഴിമതിക്കു കാരണം. നിയമങ്ങൾ ആവിഷ്കരിക്കുമ്പോൾ മുന്നൊരുക്കവും ആലോചനയും അത്യാവശ്യമാണെന്നും ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ പറഞ്ഞു.

കലക്ടർ പി. മേരിക്കുട്ടി അധ്യക്ഷയായി. അസി.കലക്ടർ എൻ.എസ്.കെ. ഉമേഷ്, എഡിഎം എസ്.വിജയൻ, വിജിലൻസ് ഡിവൈഎസ്പി എം.സുകുമാരൻ, 'വിശ്വാസ്' സെക്രട്ടറി അഡ്വ. പി.പ്രേംനാഥ്, വൈസ് പ്രസിഡന്റുമാരായ അഡ്വ.എസ്.ശാന്താദേവി, അഡ്വ.വി.പി.കുര്യാക്കോസ്, ജോയിന്റ് സെക്രട്ടറി അഡ്വ. ടി.റീന എന്നിവർ പ്രസംഗിച്ചു. വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തു.

കൂടുതൽ
വാർത്തകൾ
www.manoramaonline.com